പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1058. 13.6.2013 ൽ മറുപടിക്ക്

അറബി , മ്യൂസിക് അദ്ധ്യാപകർക്ക് യു.ജി.സി.സ്കെയിൽ നൽകാൻ നടപടി.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കോളേജ് അദ്ധ്യാപകർക്കാണ് യു.ജി.സി.നിരക്കിൽ ശമ്പളം നൽകി വരുന്നത് ; | എ) | സർക്കാർ, എയ്ഡഡ് മേഖലയിൽ വരുന്ന ആർട്സ്,സയൻസ്,ട്രെയിനിംഗ്,സംസ്കൃതം, ഫിസിക്കൽ എഡ്യൂക്കേഷൻ,യു.ജി.സി യോഗ്യത കൈവരിച്ച ഒന്നാം ഗ്രേഡ് ലൈബ്രേറിയന്മാർ, യു.ജി.സി യോഗ്യതയോടെ നേരിട്ട് നിയമനത്തിനായി തെരഞ്ഞെടുത്ത ലൈബ്രേറിയന്മാർ എന്നിവർക്കാണ് യു.ജി.സി സ്കീം ആനുകൂല്യങ്ങൾക്ക് അവകാശമുള്ളത്. |
| ബി) | അറബിക്, മ്യൂസിക് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി ശമ്പളനിരക്ക് അനുവദിക്കുന്നതു മായി ബന്ധപ്പെട്ട് 9-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ എന്തായിരുന്നു; ശുപാർശ നടപ്പാക്കിയോ; വ്യക്തമാക്കുമോ; | ബി) | അറബിക്,മ്യൂസിക് കോളേജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് യു.ജി.സി സ്കീം നിരക്കിലെ ശമ്പളം അനുവദിക്കുന്നതിന് ഒമ്പതാം സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ, അറബിക് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി സ്കീം ആനുകൂല്യം നൽകുന്ന കാര്യം ശമ്പള കമ്മീഷൻ ശുപാർശ വരുന്നതിന് മുമ്പെ തന്നെ സർക്കാരിന്റെ പരിഗണനയിൽ വന്നതും 27.04.2013 ലെ സ.ഉ.(എം.എസ്) 109/2013/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അദ്ധ്യാപകർക്ക് യു.ജി.സി സ്കീം ആനുകൂല്യം അനുവദിച്ചിട്ടുള്ളതുമാണ്. |
| സി) | മ്യൂസിക് കോളേജ് അദ്ധ്യാപകരെ യു.ജി.സി സ്കെയിൽ നൽകുന്നതിൽ നിന്നും ഒഴിവാക്കുകയുണ്ടായോ; ഇതിന് എന്തെങ്കിലും കാരണങ്ങൾ ഉ ണ്ടോ; ഇവർക്ക് യു.ജി.സി. നിരക്ക് നൽകുന്ന തിന് നടപടി സ്വീകരിക്കുമോ? | സി) | മ്യൂസിക് കോളേജ് അദ്ധ്യാപകരെ യു.ജി.സി പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല.മ്യൂസിക് കോളേജുകളിൽ ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ കോഴ്സുകളാണ് നേരത്തെ നടത്തിയിരുന്നത്. അവ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് യു.ജി.സി സ്കെയിൽ അനുവദിക്കാൻ കഴിയില്ല. തുടർന്ന്, മ്യൂസിക് കോളേജുകളെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്യുകയും നിലവിലെ |

കോഴ്സുകൾ ഡിഗ്രി, പി.ജി നിലവാരത്തിലേയ്ക്ക് ഉയർത്തുകയും ചെയ്തിരുന്നു. അപ്പോൾ മ്യൂസിക് കോളേജുകളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് അവരുടെ യോഗ്യത പി.ജിയ്ക്ക് തുല്യമാക്കാനായി അവസരം നൽകിയിരുന്നു. ഇതിനായി സർവ്വകലാശാലകൾ ബ്രിഡ്ജ് കോഴ്സ് സംഘടിപ്പിച്ചിരുന്നു. എന്നാൽ എല്ലാ മ്യൂസിക് കോളേജ് അദ്ധ്യാപകരും അവരുടെ യോഗ്യത മെച്ചപ്പെടുത്തിയിട്ടില്ല. മ്യൂസിക് കോളേജ് അദ്ധ്യാപകർക്ക് യൂ.ജി.സി പദ്ധതിയുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ